Draft #3 of File 127891/AC A1-2/2022/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 26-Jul-2023 03:32 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ - 2023 -2024 അക്കാദമിക വർഷം - ബിരുദ/ ബിരുദാനന്തര ബിരുദ/ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - ഫീസ് തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള യു.ജി.സി. നിർദേശം നടപ്പിലാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 8086/AC A 1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.07.2023

---

*പരാമർശം:-* യു .ജി .സി. യിൽ നിന്നുള്ള കത്ത് നമ്പർ D.O.No.F.2-71/2022(CPP-II) തീയതി, 03.07.2023.

**ഉത്തരവ്**

സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ എന്നിവിടങ്ങളിൽ 2023-2024 അക്കാദമിക വർഷം വിവിധ ബിരുദ/ ബിരുദാനന്തര ബിരുദ/ ഇന്റഗ്രേറ്റഡ് ബിരുദ ബിരുദാനന്തര ബിരുദ/ പ്രൊഫഷണൽ പ്രോഗ്രാമുകളിലേയ്ക്ക് പ്രവേശനം നേടുകയും, തുടർന്ന് പ്രവേശനം റദ്ദ് ചെയ്ത് വിടുതൽ വാങ്ങി പോകുകയോ/ മൈഗ്രേഷൻ വാങ്ങി പോകുകയോ ചെയ്യുന്ന വിദ്യാർത്ഥികൾക്ക ഫീസ് തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം യു .ജി .സിയിൽ നിന്നും താഴെ പറയുന്ന നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു.

1) 30.09.2023 വരെയുള്ള കാലയളവിനുള്ളിൽ, പ്രവേശനം റദ്ദ് ചെയ്ത്/മൈഗ്രേഷൻ വാങ്ങി പോകുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഒടുക്കിയ ഫീസ് തുക മുഴുവൻ(ക്യാൻസലേഷൻ ചാർജ് ഈടാക്കാതെ) റീഫണ്ട് ചെയ്തു നൽകുക.

2) 31.10.2023 വരെയുള്ള കാലയളവിനുള്ളിൽ, പ്രവേശനം റദ്ദ് ചെയ്ത്/മൈഗ്രേഷൻ വാങ്ങി പോകുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രോസ്സസിംഗ് ഫീസായി 1000/-രൂപയിൽ കൂടാതെ ഒരു തുക ഈടാക്കിയതിനു ശേഷം, ബാക്കിയുള്ള മുഴുവൻ തുകയും റീഫണ്ട് ചെയ്തു നൽകുക.

**3) 31.10.2023- ന് ശേഷം ആരംഭിക്കുന്നതോ ടി തീയ്യതിക്ക് ശേഷവും നീണ്ടു പോകുന്നതോ ആയ പ്രവേശന നടപടികളിൽ താഴെ പറയുന്ന പ്രകാരം റീ ഫണ്ട് നടപടികൾ സ്വീകരിക്കുക**

| Category | Percentage of Refund of fees | Point of time when notice of withdrawal of admission is received in the HEI |
|---|---|---|
| 1 | 100% | 15 days or more **before** the formally notified last date of admission |
| | | |

| | | |
|---|---|---|
| 2 | 90% | Less than 15 days **before** the formally notified last date of admission |
| 3 | 80% | 15 days or less **after** the formally notified last date of admission |
| 4 | 50% | 30 days or less,but more than 15 days **after formally** notified last date of admission |
| 5 | 00% | More than 30 days **after** formally notified last date of admission |

വൈസ് ചാൻസലർ , മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10(17) പ്രകാരം , മേൽ നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ /പഠന വകുപ്പുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി/ ഇന്റേണൽ ഓഡിറ്റ് 1/ 2
7.യൂണിവേഴ്സിറ്റി വെബ് സൈറ്റ്/ഐ.റ്റി സെൽ 1/2
8.എസി എ 1/എ സി എ 7/ എ സി എ 8 /എസി ബി 6/എസി ബി 7
9.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 127891/AC A1-2/2022/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 26-Jul-2023 03:32 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം